പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3311 08-11-2019-ന് മറുപടിയ്ക്ക്

## രാഷ്ട്രീയ കൃഷി വികാസ് യോജന

ചോദ്യം

ശ്രീ. കെ.വി. വിജയദാസ്
ശ്രീ. ജോർജ് എം. തോമസ്
ശ്രീ. ആർ. രാജേഷ്
ശ്രീ. മുരളി പെരുനെല്ലി

ഉത്തരം

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നെൽകൃഷി വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചതെന്നും അതുമൂലമുണ്ടായ പുരോഗതി എന്തെല്ലാമെന്നും വിശദമാക്കുമോ; | (എ) | നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം സുസ്ഥിര നെൽകൃഷി വികസനത്തിനു ഹെക്ടറൊന്നിനു 5,500 രൂപയും, സവിശേഷ നെല്ലിനങ്ങളായ ഞവര, രക്തശാലി, പൊക്കാളി, ബസ്മതി, ജീരകശാല, ഗന്ധകശാല തുടങ്ങിയവയുടെ വികസനത്തിനു ഹെക്ടറിനു 10,000 രൂപയും, ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിനു 10,000 രൂപയും, കരനെൽ കൃഷിക്ക് 13,600 രൂപയുമാണ് ധനസഹായമായി നൽകുന്നത്. തരിശ് നിലത്തിലെ കൃഷിക്ക് ഹെക്ടറൊന്നിനു ഒന്നാം വർഷം 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയുമാണു ധനസഹായം നൽകുന്നത്. നെല്ലിനു കുമ്മായ വസ്തുക്കൾ നൽകുന്നതിനു 5,400 രൂപയും സൂക്ഷമമൂലകങ്ങൾ നൽക്കുന്നതിനു 500 രൂപയും ധനസഹായം നൽകുന്നു. പദ്ധതി പ്രവർത്തനങ്ങൾ എകോപിപ്പിക്കുന്നതിനു ഗ്രൂപ്പ് ഫാമിങ് സമിതികൾക്ക് ഹെക്ടറിനു 360 രൂപ എന്ന നിരക്കിൽ പ്രവർത്തന ധനസഹായം നൽകുന്നുണ്ട്. നെൽ കർഷകർക്ക് ഉൽപാദന ബോണസായി ഹെക്ടറിന് 1000 രൂപ നൽകുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | നെൽകൃഷിക്ക് ഭൂപരിധിയില്ലാതെ ജലസേചനത്തിനായി സൗജന്യ വൈദ്യുതി അനുവദിക്കുന്നുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന വികേന്ദ്രീകൃതാസൂത്രണ പദ്ധതികൾ പ്രകാരം നെൽകൃഷിയ്ക്ക് കൂലിച്ചിലവ് ഇനത്തിൽ സബ്സിഡി ആയി 17,000 രൂപ വരെ നൽകാൻ കഴിയും. നെൽ വിത്ത് പൂർണ്ണമായും സൗജന്യമായി നൽകുന്നു.<br><br>ഇതു മൂലം 2015-16 സാമ്പത്തിക വർഷം ഉണ്ടായിരുന്ന നെൽകൃഷി വിസ്തൃതി 1,96,870 ഹെക്ടറിൽ നിന്നും 2017-18 - ൽ 2,20,449 ഹെക്ടറായി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018 ആഗസ്റ്റിലെ മഹാപ്രളയത്തിൽ 35,000 ഹെക്ടർ നെൽകൃഷി പൂർണ്ണമായും നഷ്ടപ്പെട്ടിട്ടും 2018-19 സാമ്പത്തിക വർഷം 2,02,985 ഹെക്ടർ നെൽകൃഷി നിലനിറുത്താൻ സാധിച്ചു.<br><br>2016-17 ൽ 4,36,483 മെട്രിക് ടൺ അരിയായിരുന്നു ഉല്പാദിപ്പിച്ചത്. ഇത് 2017-18 ൽ 6,17,260 മെട്രിക് ടൺ ആയി വർദ്ധിപ്പിക്കാൻ സാധിച്ചു. 2018-19 ൽ പ്രകൃതിക്ഷോഭം മൂലം വിസ്തൃതിയിൽ ഗണ്യമായ കുറവുണ്ടായിട്ടും 5,78,255.62 മെട്രിക് ടൺ അരി ഉൽപാദിപ്പിക്കാൻ സാധിച്ചു. ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം ഉണ്ടായിട്ട് പോലും 2016-17 വർഷത്തേക്കൾ 26% ഉൽപാദന വർദ്ധനവ് 2018-19 ൽ ഉണ്ടായിട്ടുണ്ട്. |
| (ബി) | കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ ഭാഗമായ പ്രൊഡക്റ്റിവിറ്റി ഇംപ്രൂവ്മെന്റ് ഓഫ് റൈസ് എന്ന പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവർത്തികൾ എന്തെല്ലാമാണ്; ഇത് നെൽകൃഷി മേഖലയിൽ എന്തെല്ലാം ഗുണകരമായ മാറ്റങ്ങൾക്കാണ് വഴിയൊരുക്കി | (ബി) | രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ 'Productivity Improvement of Paddy in Kerala' എന്ന ഘടകം പാലക്കാട് ഒഴികെയുള്ള ജില്ലകളിൽ 2018-19 സാമ്പത്തിക വർഷം നടപ്പിലാക്കിയിരുന്നു. (2016-17, 2017-18 വർഷങ്ങളിൽ പ്രസ്തുത ഘടകത്തിനു അംഗീകാരം ലഭിച്ചിരുന്നില്ല.) ഇതു പ്രകാരം നെൽ വിത്തിനു ഹെക്ടറിന് 1000 രൂപയും, കുമ്മായ വസ്തുക്കൾ വാങ്ങുന്നതിന് ഹെക്ടറിന് |

| | | | |
|---|---|---|---|
| | യതെന്ന് വെളിപ്പെടുത്തുമോ; | | 1000 രൂപയും, സൂക്ഷ്മമൂലകവളങ്ങൾ വാങ്ങുന്നതിന് ഹെക്ടറിന് 500 രൂപയും, സംയോജിത കീടനിയന്ത്രണത്തിന് 500 രൂപയും, യന്ത്രവൽക്കരണത്തിന് ഹെക്ടറിന് 1500 രൂപയും ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പരമാവധി 4,500 രൂപയുടെ ധനസഹായം നൽകുകയുണ്ടായി.<br><br>2019-20 വർഷവും ടി പദ്ധതി നടപ്പിലാക്കുന്നുണ്ട്. എന്നാൽ പദ്ധതിയിൽ നെൽ വിത്തിനു ആനുകൂല്യം ഉൾപ്പെടുത്തിയിട്ടില്ല. പകരം നെല്ലിന്റെ മൂല്യവർദ്ധനവിനായി 125 ലക്ഷം രൂപ പ്രത്യേകമായി വകയിരുത്തിയിട്ടുണ്ട്. |
| (സി) | സുസ്ഥിര ആശയങ്ങൾ നെൽകൃഷിയിൽ നടപ്പിലാക്കുന്നതിനായി പദ്ധതിയധിഷ്ഠിത നൂറിന പരിപാടിയ്ക്ക് രൂപം നൽകിയുട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (സി) | 2016 ആഗസ്റ്റ് (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് (ചിങ്ങം 1) വരെ നെൽ വർഷമായി ആചരിച്ചതിന്റെ ഭാഗമായിട്ടാണു പദ്ധതിയധിഷ്ഠിത നൂറിന പരിപാടി നടപ്പിലാക്കിയത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സമഗ്ര നെൽകൃഷി വികസന പദ്ധതിയുടെ മറ്റു ഘടകങ്ങൾക്ക് പുറമെ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. 'നെല്ലുത്പാദനം,' 'നെൽകൃഷിയും വിദ്യാഭ്യാസവും,' 'നെൽകൃഷിയും തൊഴിൽ ലഭ്യതയും,' 'നെൽകൃഷിയും യുവാക്കളും,' 'നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ,' 'നെൽകൃഷിയും പരിസ്ഥിതിയും,' 'സംസ്കരണവും വിപണനവും,' 'നെൽകൃഷിയും ടൂറിസവും,' 'നെൽകൃഷിയും കായിക വിനോദങ്ങളും,' 'നെൽകൃഷിയും ആയുർവേദവും,' 'നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും' എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് വിവിധ പദ്ധതികൾ തയാറാക്കി നടപ്പാക്കുക ആയിരുന്നു പ്രധാന ലക്ഷ്യം. ഈ പദ്ധതിയധിഷ്ഠിത ഘടകം 2017-18 സാമ്പത്തിക വർഷവും 2018-19 സാമ്പത്തിക വർഷവും നടപ്പിലാക്കി. |

| | | | |
|---|---|---|---|
| (ഡി) | ഒരുപ്പുകൃഷി ഇരുപ്പുകൃഷിയാക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിയുട്ടുണ്ടോ; ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ ? | (ഡി) | ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിനു 10,000 രൂപ ധനസഹായം നൽകുന്നുണ്ട്. 2016-17 സാമ്പത്തിക വർഷം 88.452 ഹെക്ടർ സ്ഥലത്തും, 2017-18 ൽ 3,136.06 ഹെക്ടർ സ്ഥലത്തും, 2018-19 ൽ 1,783.7554 ഹെക്ടർ സ്ഥലത്തും ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂ കൃഷി നടപ്പിലാക്കി. |

Shaiju.V

**സെക്ഷൻ ഓഫീസർ**